# CHAIR FOR CHRISTIAN STUDIES

## UNIVERSITY OF CALICUT

## HCC - I ANNUAL EXAMINATION 2024-25

HCC I | Total Marks : 80

Reg. No : | Time : 2 Hrs

### Part I

**ഉത്തരം തെരഞ്ഞെടുക്കുക.** **5x1=5**

1. എന്താണ് സനാതന സൗന്ദര്യം?
(ദൈവം, സ്വർഗം, ക്രിസ്തു )

2. സുവിശേഷാനുസൃതം ജീവിക്കുന്നതിൽ സന്തോഷം കണ്ടെത്താൻ ആഹ്വാനം ചെയ്യുന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലികാഹ്വാനം ?
(ജനതകളുടെ പുരോഗതി, സ്നേഹത്തിന്റെ ആനന്ദം, ജീവന്റെ സുവിശേഷം)

3. കൂദാശകളിലൂടെയും പ്രാർത്ഥനകളിലൂടെയും നാം എന്താണ് കൈവരിക്കുന്നത്?
(പരിശുദ്ധാത്മാഭിഷേകം, ദൈവിക ശക്തി, ദൈവിക വരങ്ങൾ)

4. സഭാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന നിയമങ്ങൾ?
(കാനൻ നിയമങ്ങൾ, ധാർമിക നിയമങ്ങൾ, സുവിശേഷ നിയമങ്ങൾ)

5. ബൈബിളിന്റെ ലത്തീൻ വിവർത്തനത്തിന്റെ പേര് ?
(പ്ശീത്ത, വുൾഗാത്ത, സെപ്ത്വജിന്ത്)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **10x1=10**

6. 'ലിറ്റർജി' എന്ന വാക്കിന്റെ അർത്ഥം?
7. നിത്യജീവൻ തേടിയുള്ള ക്രിസ്തീയ ജീവിത യാത്രയുടെ അന്തിമലക്ഷ്യം?
8. ആരാധനാക്രമത്തിൽ ചൊല്ലുന്ന വിശ്വാസപ്രമാണം?
9. ജനുവരി ആറിന് സഭ ആഘോഷിക്കുന്ന തിരുനാൾ?
10. പഴയ നിയമത്തിൽ എത്ര പുസ്തകങ്ങൾ ഉണ്ട്?
11. ധാർമിക നിയമങ്ങളുടെ പൂർത്തീകരണം ആരിലാണ്?
12. "ചർച്ച് ഓഫ് നേറ്റിവിറ്റി" ഈശോയുടെ ജീവിതത്തിലെ ഏതു സംഭവവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്?
13. വെളിപാടിന്റെ പൂർണത ആരിലാണ്?
14. റംശ എപ്പോൾ ചൊല്ലുന്ന പ്രാർത്ഥനയാണ്?
15. പുതിയനിയമ പുസ്തകങ്ങൾ ഏതു ഭാഷയിൽ രചിക്കപ്പെട്ടു?

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7x2=14**

16. വിശുദ്ധ പാരമ്പര്യം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
17. ക്രിസ്തീയ ജീവിത ദർശനത്തിന്റെ അനന്യത വ്യക്തമാക്കുന്ന മൂന്ന് സവിശേഷതകൾ എഴുതുക.

18. നിർവചിക്കുക - പ്രലോഭനം.

19. ക്രിസ്തീയ സന്തോഷത്തിന്റെ അടിസ്ഥാനാശയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

20. ഭൂമിയിൽ സ്വർഗം പണിയുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

21. ഒരു പ്രവൃത്തി ധാർമികമാകുന്നത് എപ്പോൾ?

22. ഈശോയുടെ ചരിത്രപരത അറിയേണ്ടതിന്റെ ആവശ്യകത എന്ത്?

23. ദൈവിക വെളിപാടിന്റെ രണ്ടു കൈമാറ്റരൂപങ്ങൾ?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 4x4=16

24. ദൈവനിവേശിതം എന്ന ആശയത്തിൽ അടങ്ങിയ നാലു വസ്തുതകൾ ഏവ?

25. ദൈവവചനം ഒരുക്കുന്ന നാലു തരത്തിലുള്ള രൂപാന്തരീകരണം വിവരിക്കുക?

26. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

27. നാം പോരാടേണ്ട രണ്ട് തരം ബാഹ്യശക്തികൾ ഏതെന്നു വിശദമാക്കുക?

28. ധാർമിക മനഃസാക്ഷി രൂപീകരണത്തിന്റെ ആവശ്യകത വിശദമാക്കുക.

**നോട്ട് കുറിക്കുക.** 1x5=5

29. സുവിശേഷവത്കരണം

**വിശദീകരിച്ച് ഉത്തരമെഴുതുക.** 1x10=10

30. a) തിന്മയുടെ ശക്തികളെ തോൽപ്പിക്കാൻ നാം എന്തൊക്കെ ശ്രദ്ധിക്കണം? വിശദമാക്കുക.

അല്ലെങ്കിൽ

b) തിരുവചനത്തിന്റെ ധർമങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുക.

## Part II

31. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും വേർതിരിച്ചെഴുതുക. 5
( ആനന്ദം, അറിവ്, അടക്കം, ശാന്തത, ദൈവഭക്തി )

**യുക്യാറ്റ് പ്രകാരം ഉത്തരമെഴുതുക.**

32. സ്വർഗം. 3

33. നമ്മുടെ പ്രവൃത്തി നന്മയോ തിന്മയോ എന്ന് എങ്ങനെ തിരിച്ചറിയാം? 3

**വചനം ക്രമത്തിലാക്കുക.** 5

34. ദൈവം നമ്മുടെ പിതാക്കന്മാരോട് / തന്റെ പുത്രൻ വഴി / പൂർവ്വകാലങ്ങളിൽ / അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു / വിവിധ ഘട്ടങ്ങളിലും / എന്നാൽ ഈ അവസാന നാളുകളിൽ / പ്രവാചകന്മാർ വഴി / സംസാരിച്ചിട്ടുണ്ട് / വിവിധ രീതികളിലും / ഹെബ്രാ.1 : 1-2.

35. **ചേരുംപടി ചേർക്കുക** 4x1=4

| | | |
|---|---|---|
| ഊർബി പ്രീമും | - | ജോൺ പോൾ രണ്ടാമൻ പാപ്പ |
| റേരും നൊവാരും | - | ബനഡിക്ട് 16-ാം പാപ്പ |
| സത്യത്തിൽ സ്നേഹം | - | ലെയോ 12-ാം പാപ്പ |
| ജീവന്റെ സുവിശേഷം | - | പ്രഥമ ചാക്രികലേഖനം |